# Malayala Manorama

## 18 August 2018

## Kochi, After Flood, Drinking Water Supply



# ശുദ്ധജല വിതരണം തുടങ്ങാനായില്ല

കൊച്ചി • പ്രളയത്തെത്തുടർന്നു നിർത്തിവച്ച ശുദ്ധജല വിതരണം പുനഃസ്ഥാപിക്കാനായില്ല. പ്രളയ പ്രദേശങ്ങളിലും പ്രളയമില്ലാത്ത സ്ഥലങ്ങളിലും ഒരുപോലെ ജലവിതരണം പ്രതിസന്ധിയിലാണ്.

പെരിയാറിനെ ആശ്രയിക്കുന്ന ജല അതോറിറ്റിയുടെ 25 ജലസേചന പദ്ധതികൾ ആഴ്ചകൾക്കു മുൻപേ നിർത്തിവച്ചിരുന്നു.

പെരിയാറിലെ വലിയ ജലവിതരണ പദ്ധതികളായ ആലുവ, ചൊവ്വര എന്നിവയും മൂവാറ്റുപുഴയാറിലെ ചൂണ്ടി, പിറവം പാഴൂർപ്പടി ജനറം പ്ലാന്റുകളും ബുധനാഴ്ച നിർത്തിവച്ചു.

മൂവാറ്റുപുഴയാറിലെ വെള്ളം കുറഞ്ഞാൽ ജനറം പദ്ധതിയിൽനിന്നുള്ള പമ്പിങ് പുനരാരംഭിക്കാനാവും.

കൊച്ചി നഗരത്തിൽ 25 ലക്ഷത്തോളം ആളുകൾക്കു ശുദ്ധജലം വിതരണം ചെയ്യുന്ന ആലുവ പമ്പ് ഹൗസ് ഇപ്പോഴും മുങ്ങിക്കിടക്കുകയാണ്.

വെള്ളം അൽപംപോലും കുറഞ്ഞിട്ടില്ല. മൂന്നടി വെള്ളമെങ്കിലും കുറഞ്ഞാൽ ജലവിതരണം 50% പുനരാരംഭിക്കാനാവും. ഒന്നേകാൽ മീറ്റർ വെള്ളം താഴ്ന്നാലേ ആലുവയിൽ ജലവിതരണം പൂർണതോതിൽ തുടങ്ങാനാവൂ.

ദുരിതാശ്വാസ ക്യാംപുകളിൽ വെള്ളമെത്തിക്കുന്ന ജോലിയായിരുന്നു ജല അതോറിറ്റി ഉദ്യോഗസ്ഥർക്ക് ഇന്നലെ.

മരടിലെ ജനറം പ്ലാന്റിൽനിന്നു ജില്ലയിലെ വിവിധ ക്യാംപുകളിൽ വെള്ളമെത്തിച്ചു. വൈകിട്ടോടെ അതു മിക്കവാറും തീർന്നു. പിന്നീട് ആലപ്പുഴ ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതിയുടെ തൈക്കാട്ടുശേരി ടാങ്കിൽ നിന്നായിരുന്നു ജലവിതരണം.